# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നരിപ്പറ്റ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി9/1821/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി : 23.10.2017

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

നരിപ്പറ്റ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി9/1821/2017 തീയതി: 23.10.20107

# കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2017 മുതൽ 18.09.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് രണ്ട് മറുപടികൾ ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനമേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ .വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-09-2017 മുതൽ 28-09-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.എം .ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.എസ് .ഷിബിൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എ. കെ നാരായണി | 01.04.2016മുതൽ.31.03.2017വരെ |
| | സൂര്യകാന്ത്.കെ.കെ (സെക്രട്ടറി ഇൻ ചാർജ്ജ്) | 1-04-2016 മുതൽ 1-09-2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ .ഷിജു.എൽ.എൽ | 02.09.2016 മുതൽ 26.07.2016വരെ |
| | ശ്രീ.ബൈജു ജോസ് | 27.07.2016മുതൽ 31.03.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.ചാരുഷ ചന്ദ്രൻ | 1.04.2016മുതൽ 31.03.2017 വരെ |
| വി.ഇ .ഒ | ശ്രീ.സജൻദാസ്.എസ് | 1.04.2016 മുതൽ 27.12.2016വരെ |
| | ശ്രീ.ജിമ്മിദാസ് | 28-12-2016 മുതൽ 31.03.2017 വരെ |
| | ശ്രീ.ഷാജി.കെ | 01.04.2016 മുതൽ 31.12.2016 വരെ |
| | സ്രീ.സാബു.എ | 1-01-2017 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ലൗലി മാത്യു | 1.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.റബ്ബി മാത്യൂ | 1.04.2016മുതൽ22.06.2016വരെ |
| | ഡോ.മിഥുൻ (അഡീഷണൽ ചാരജ്ജ്) | 23.06.2016 മുതൽ 11.07.2016 വരെ |
| | ഡോ.വീണ | 12-07-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (അയുർവേദം) | ഡോ.രമേശൻ കെ പി | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഗ്രീഷ്മപ്രിയ | 01.04.2016മുതൽ 31.03.2017വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ ദിനേശൻ പി | 01.04.2016മുതൽ5.06.2016വരെ |
| | ശ്രീ.കുഞ്ഞിരാമൻ.എം.കെ | 6.06.2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശരത് കൃഷ്ണൻ | 01.04.2016മുതൽ18.12.2016വരെ |
| | ഡോ.ഡേവിഡ് എബ്രഹാം | 19-12-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ (കരാർ വ്യവസ്ഥയിൽ) | ശ്രീ.ചന്ദ്രൻ വള്ളിൽ | 01.04.2016മുതൽ 28.02.2017വരെ |
| | | 29.02.2017 മുതൽ 07.03.2017 വരെ (ഒഴിവ്) |
| | അഖിൽ ഹരി | 08.03.2017 മുതൽ 18.03.2017 വരെ |
| | ഹരീഷ് കുമാർ കെ.പി (എംപ്ലോയ്മെന്റ് ) | 19-03-2017 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സൂര്യകാന്ത് കെ.കെ | 01.04.2016മുതൽ.6.09.2016വരെ |
| | വാസു.എം.എം | 7.09.2016 മുതൽ 31.03.2017 വരെ |

# ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 |
| 12 | ഡി & ഒ ലൈസൻസ് – അപാകതകൾ | 2-2 |
| 13 | വസ്തു നികുതി – സാംഖ്യ സഞ്ചയ കണക്കുകളിൽ വ്യത്യാസം | 2-3 |
| 14 | തൊഴിൽ നികുതി അപാകതകൾ | 2-4 |
| 15 | വസ്തു നികുതി – പൊതു അവലോകനം | 2-5 |
| 16 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കമ്യൂണിറ്റി ഹാളിന്റെ പരിപാലനം – അപാകതകൾ | 2-6 |
| 17 | രശീത് ബുക്കുകളുടെ അപാകതകൾ | 2-7 |
| 18 | ലേല പരസ്യവും ലേല ഡയറിയും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 2-8 |
| | ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | |
| 19 | കരാറുകാർക്ക് മുൻകൂറായി ബിറ്റുമിൻ വാങ്ങി നൽകി – അപാകതകൾ | 3-1 |
| 20. | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ തുക ഒടുക്കി – പ്രവൃത്തി ആരംഭിച്ചു | 3-2 |
| 21. | ആയുർവ്വേദ ആശുപത്രിയുടെ അടിസ്ഥാന സൗകര്യം ശോചനീയം | 3-3 |

| | | |
|---|---|---|
| 22. | എസ്.സി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് മുൻകൂർ നൽകി – പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. | 3-4 |
| 23. | എസ്.എൽ.ഐ പ്രീമിയം ഈടാക്കിയതിൽ കുറവ് | 3-5 |
| 24. | ടൂർ ഡയറി സമർപ്പിക്കാതെ യാത്രാബത്ത നൽകുന്നു. | 3-6 |
| 25. | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി – രൂപീകരണത്തിലെ അപാകതമൂലം അർഹമായ ധനസഹായം നൽകാൻ കഴിയാതെ പോയി | 3-7 |
| 26 | വാഴകൃഷി വികസനം – ഭരണ സമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് സഹായം നൽകി | 3-8 |
| 27 | പാലിയേറ്റീവ് പരിചരണം – വാട്ടർ ബെഡ് ലഭിച്ചില്ല | 3-9 |
| 28 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ല. | 3-10 |
| 29 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ – സ്കൂൾ വിദ്യാർത്ഥികളല്ലാത്തവർക്കും ഫർണീച്ചർ നൽകി | 3-11 |
| 30 | ഭിന്നശേഷിയുള്ളവരുടെ സമഗ്ര വികസനം – ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ അടിസ്ഥാന സൗകര്യം ഇല്ല | 3-12 |
| 31 | അങ്കണവാടി പോഷകാഹാരം – വികസന ഫണ്ടിൽ നിന്നും – വകയിരുത്തിയതിനേക്കാൾ അധികം തുക ചെലവഴിച്ചു | 3-13 |
| 32 | പദ്ധതി നടത്തിപ്പിലെ അപാകത കാരണം – ഫണ്ട് വിനിയോഗത്തിൽ കുറവ് | 3-14 |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 42 | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01/03/2016 തീയ്യതിയിലെ 39/2016 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 18.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 2016-17 വർഷ ഓഡിറ്റിൽ പരിശോധിച്ചു- | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15541529.70 |
| വരവ് | 55153969.00 |
| ആകെ | 70695498.70 |
| ചെലവ് | 52825471.00 |
| നീക്കിയിരിപ്പ് | 17870027.70 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 13876934 | 13876934 | 12721501 | 91.67 | 1155433 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | | 843366 | 843366 | 520366 | 61.70 | 323000 |
| വികസനഫണ്ട് ടി.എസ്.പി. | | 494169 | 494169 | 494169 | 100 | - |
| സംരക്ഷണഗ്രാന്റ് റോഡ് | | 11569071 | 11569071 | 9134132 | 78.95 | 2434939 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3728619 | 3728619 | 2182526 | 58.53 | 1546093 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7782896 | 7282896 | 4047602 | 52 | 3235294 |
| പെർഫോമൻസ് ഗ്രാന്റ് | | 6682759 | 6682759 | 3512542 | 52 | 3170217 |
| എം.എൻ.ആർ. ഇ.ജി.എസ്. | 8871 | 28921185 | 28930056 | 28928727 | 99.99 | 1329 |
| ബി ഫണ്ട് | | 34739645 | 34739645 | 34739645 | 100 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 64199533 | 102 | 37252206 | 34 | 35 | 50 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 55.37 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1988280 | 3016489 | 1039945 | 52.30+ |
| നികുതിയേതര വരവുകൾ | 436865 | 392808 | 44057 | 10 - |
| മറ്റുവരവുകൾ | | 258860 | 258860 | 100 |
| ആകെ | 2425145 | 3668157 | 1342862 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 587160 | 324 |
| കർഷകതൊഴിലാളി പെൻഷൻ | 10413990 | 1188 |
| വിധവാപെൻഷൻ | 9145930 | 981 |
| വാർദ്ധക്യകാലപെൻഷൻ | 11456415 | 1120 |
| വികലാംഗപെൻഷൻ | 2783820 | 330 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 172330 | 21 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-9 കേഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കേഷ് ബാലൻസ് പരിശോധന 19.09.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1283/-രൂപ കേഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-10-2016 മുതൽ 25-10-2016 വരെ | 2016 സപ്തംബർ | എ1-4728/2017 തീയ്യതി 3-06-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7-10-2002മുതൽ 26-10-2002 വരെ | 1997-98 മുതൽ 2001-02 വരെ | 6870/PA3/ 2003/LSGD 13.02.2003 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1)ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വസ്തുനികുതി മുൻകൂർ പിരിവ് 52123 രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ഇത് 254854 രൂപയാണ്.

2)വാർഷിക കണക്കുകൾ പ്രകാരം തൊഴിൽ നികുതിയിനത്തിൽ 22690 രൂപ കുടിശ്ശികയുണ്ട് (B15).എന്നാൽ 2016-17 വർഷത്തെ തൊഴിൽനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3)വാർഷിക കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് തുക 91188 രൂപയാണ്.എന്നാൽ തൻവർഷം കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്ത 212000 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പകർപ്പെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5) വസ്തുനികുതി ഡിമാന്റ്,കുടിശ്ശിക ഡിമാന്റ് എന്നിവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

6)ഡി&ഒ ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവ് 33300 രൂപയാണ്. എന്നാൽ റസീറ്റ്&പേമെന്റ് രജിസ്റ്റർ പ്രകാരം 29500 രൂപയാണ്.വ്യത്യാസം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 ഡി & ഒ ലൈസൻസ് - അപാകതകൾ

നരിപറ്റ പഞ്ചായത്തിലെ 16-17 ലെ ഡി & ഒ ലൈസൻസ് ഫീസ് പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1)നരിപറ്റ ഗ്രാമപഞ്ചായത്തിൽ 1199 വാണിജ്യകെട്ടിടങ്ങൾ ഉണ്ടായിട്ടും 201 ലൈസൻസുകൾ മാത്രമാണ് നൽകിയിട്ടുള്ളത്.4 ഡി & ഒ ലൈസൻസ് മാത്രമാണ് 2016-17 വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിനായി ഫീ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ഡെപ്പോസിറ്റ് വാങ്ങാതെ ലൈസൻസ് പുതുക്കി നൽകുന്നതായി കാണുന്നു.

2)ഹെൽത്ത് ഓഫീസർ സ്ഥല പരിശോധനയ്ക്ക് ശേഷം തൃപ്തികരമാണെങ്കിൽ നൽകുന്ന സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ലാതെ 10 ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്.അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/<br>കെട്ടിട നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 7/519A | ഓറഞ്ച് ബേക്കറി,കൈവേലി |
| 2 | 3/155A | മാത കോക്കനട്ട് ഫൈബർ |
| 3 | 7/479,480 | വർണ്ണന ഫാൻസി,കൈവേലി |
| 4 | 10/199 | ആർ.എം.സ്വീറ്റ്സ്,പാതിരപ്പറ്റ |
| 5 | 4/349,350 | മുടിക്കൽ സ്റ്റോഴ്സ്,ചീക്കോന്ന് വെസ്റ്റ് |
| 6 | 4/99 | കോയ്യാൽ ട്രേഡേഴ്സ്,ചീക്കോന്ന് വെസ്റ്റ് |
| 7 | 7/493 | നാണു,തിനൂർ-പച്ചക്കറി,സ്റ്റേഷനറി |
| 8 | 8/436 | പ്രിയ ടെക്സ്റ്റയിൽസ്,കൈവേലി |
| 9 | 16/3 | ചന്ദ്രി.കെ.പി-ഫ്ലോർ മിൽ |
| 10 | 7/464 | സ്വദേശി ടീ സ്റ്റാൾ,ചീക്കോന്ന് |

ഹെൽത്ത് ഓഫീസറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസുകൾ പുതുക്കി നൽകിയതിന് മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-3 വസ്തു നികുതി - സാംഖ്യ സഞ്ചയ കണക്കുകളിൽ വ്യത്യാസം

നരിപറ്റ ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ സോഫ്റ്റ്വെറുകളിൾ സംയോജിപ്പിച്ചിട്ടുണ്ടെങ്കിലും രണ്ട് സോഫ്റ്റ്വെറിലും വസ്തു നികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | സാംഖ്യ പ്രകാരം വസ്തു നികുതി ഡിമാന്റ് | | സഞ്ചയ പ്രകാരം വസ്തു നികുതി ഡിമാന്റ് | | വ്യത്യാസം | |
|---|---|---|---|---|---|---|
| | തൻവർഷം | മുൻബാക്കി | തൻവർഷം | മുൻബാക്കി | തൻവർഷം | മുൻബാക്കി |
| 2016-17 | 1629090/- | 1022735/- | 1714494/- | 938653/- | 85404/- | 84082/- |

മേൽ വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ് .

## 2-4 തൊഴിൽ നികുതി അപാകതകൾ

നരിപറ്റ ഗ്രാമ പഞ്ചായത്തിലെ 16-17 ലെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)വാർഷിക ധനകാര്യപത്രിക പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഇനത്തിൽ ഡിമാന്റ് ചെയ്ത തുകയായ673620രൂപയും ഈടാക്കിയിട്ടുണ്ട്.ഇത് സെക്രട്ടറി ഡിമാന്റ് റജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട് എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം തൊഴിൽ നികുതി ഇനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശികയായ 22690 രൂപ ലഭിക്കാനുണ്ട്.കുടിശ്ശിക വിവരങ്ങൾ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.പിരിച്ചെടുക്കാതെ ബാക്കിയായ തുക കുടിശ്ശിക ഡിമാന്റ് റജിസ്റ്ററിൽ എഴുതി സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക നികുതി പിരിവ് പുരോഗതി നിരീക്ഷിക്കാൻ കഴിയാതെ വരുന്നു.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 243 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ തുക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടും.എന്നാൽ കുടിശ്ശിക ഡിമാന്റ് റജിസ്റ്ററിൽ എഴുതി സൂക്ഷിക്കാത്തതിനാൽ ഇത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2)പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 3/167A | കൂൾ റെയിൻ സോഫ്റ്റ് ഡ്രിങ്ക്സ്&സോഡ യൂണിറ്റ്, വിലങ്ങാട് | 2 |
| 2 | 16/132B | ബ്രൈറ്റ് എക്സ്പോർട്ട്സ്,നരിപ്പറ്റ | 3 |
| 3 | 4/48(A to E) | ഫാമിലിസൂപ്പർ സ്റ്റോർ,മുള്ളമ്പത്ത് | 2 |
| 4 | 4/66,67 | എം.കെ.ട്രേഡേഴ്സ്-സിമന്റ് കച്ചവടം,മുള്ളമ്പത്ത് | 2 |
| 5 | 13/170 | ഹോട്ടൽ കലവറ,കുറ്റപ്രം | 2 |
| 6 | 12/3,4 | റേഷൻ ഷാപ്പ്,നരിപ്പറ്റ | 2 |
| 7 | 10/249 | വി പി എസ് ഫ്രഷ് ഫിഷ് & ചിക്കൻ സ്റ്റാൾ,കക്കട്ടിൽ | 2 |
| 8 | 16/163 C | റോസ് ബെറി ഐസ് ഫുഡ്സ്,തിരുവട്ടേരി | 4 |
| 9 | 17/151,152 | മില്ലേനിയം സ്റ്റോഴ്സ്,മുള്ളമ്പത്ത് | 2 |
| 10 | 7/552 | തൃപ്തി ഹോട്ടൽ,കൈവേലി | 5 |
| 11 | 10/199 | ആർ.എം.സ്വീറ്റ്സ്,പാതിരപ്പറ്റ | 2 |
| 12 | 8/407 | ഗായത്രി ഹോട്ടൽ,കൈവേലി | 2 |
| 13 | 7/427 | ആദി ഫർണിച്ചർ,തിനൂര് | 3 |
| 14 | I/346 | ദിയ ഫർണിച്ചർ,മുള്ളമ്പത്ത് | 2 |
| 15 | 16/366 | ടി.വി.കെ ഗ്രാനൈറ്റ് & മാർബിൾ, | 2 |
| 16 | 4/86 | സി.പി.സ്റ്റോർ-സിമന്റ് കച്ചവടം | 2 |
| 17 | 10/458,457 | സം സം സൂപ്പർ മാർക്കറ്റ്,നമ്പ്യാർക്കുന്ന് | 2 |
| 18 | 5/185 | അനന്തുഫർണിച്ചർ വർക്ക്സ്,മുള്ളമ്പത്ത് | 3 |
| 19 | 3/155A | മാത കോക്കനട്ട് ഫൈബർ | 2 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.മേൽ സ്ഥാപനങ്ങളിലെ

ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.16-17ൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ റജിസ്റ്ററിൽ അപൂർണ്ണമാണ്.കച്ചവടക്കാരന്റെ പേരും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് .ജോലി,സ്ഥാപനം,വിലാസം,അർദ്ധവാർഷികവരുമാനം,സ്ലാബ് എന്നിവ റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്,അർദ്ധവാർഷിക വരുമാനം,ഈടാക്കിയ നികുതി,രസീത് നം,തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-5 വസ്തു നികുതി - പൊതു അവലോകനം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. പുതുക്കിയ വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചു(14-09-11ലെ 135/2011ആം നമ്പർ തീരുമാനം) ആയത് സംബന്ധിച്ച വിശദാംശങ്ങൾ നോട്ടീസ് ബോർഡിൽ 30.09.2011നം ദിനപത്രത്തിൽ 02.10.2011 നം പ്രസിദ്ധീകരിച്ചതിന്റെ വിവരങ്ങൾ പരിശോധിച്ചു.

നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല ,തൃതീയമേഖല എന്ന് തരം തിരിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം ആണ്.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക് ച. മീ |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 4രൂപ |
| 2 | വാണിജ്യാവശ്യത്തിനുള്ളവ<br>100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 30 രൂപ |
| | 100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 50 രൂപ |
| | 200ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ,ഷോപ്പിംഗ് മാളുകൾ | 30 രൂപ |
| | 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ,ഷോപ്പിംഗ് മാളുകൾ | 70 രൂപ |
| | ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷനുകൾ | 30 രൂപ |
| 3 | ആഫീസ് ആവശ്യത്തിനുള്ളവ<br>(വ്യവസായ ശാലകളോടനു ബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 30 രൂപ |

| | | |
|---|---|---|
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 4 രൂപ |
| 5 | ആശുപത്രികൾ | 4രൂപ |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 20 രൂപ |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ [1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്] | 10 രൂപ |
| | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 രൂപ |
| 8 | റിസോർട്ടുകൾ | 80 രൂപ |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 20 രൂപ |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 400രൂപ |

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.തറ വിസ്തീർണം അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വേറിൽ ഡാറ്റാ എൻട്രി ചെയത് പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ കെട്ടിടങ്ങൾക്കും ഫോറം നം-6 പൂരിപ്പിച്ചതിന് ശേഷം മാത്രമാണ് ഡാറ്റാ എൻട്രി ജോലികൾ പൂർത്തിയാക്കിയത്.

100 ച.മീ കൂടുതൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് പകരം ,ഇത്തരം കെട്ടിടങ്ങൾക്ക് ഒന്നിലധികം നമ്പരുകൾ നല്കി വേറെ വേറെ കെട്ടിടങ്ങളായി പരിഗണിച്ച് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്.

വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്റർ വെച്ച് സൂക്ഷിക്കുന്നുണ്ട്. ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ ഡിമാൻഡ് ചെയ്ത വസ്തു നികുതിയുടെ (സഞ്ചയ പ്രകാരം) 84% പിരിച്ചെടുത്തിട്ടുണ്ട്. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 7403വീടുകളും1199 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും 24 വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും 7വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും 5 മൊബൈൽ ടവറുകളും 12 ഓഡിറ്റോറിയങ്ങളും 9സർക്കാർ അർദ്ധ സർക്കാർ കെട്ടിടങ്ങളും ,നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 259 കെട്ടിടങ്ങളും 35 ആരാധനാലയങ്ങളും

കാർഷികാവശ്യത്തിനുള്ള 12 ഉം ഓഫീസാവശ്യത്തിനുള്ള 30 കെട്ടിടങ്ങളുമാണ് നിലവിലുള്ളത്

## 2-6 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കമ്മൂണിറ്റി ഹാളിന്റെ പരിപാലനം - അപാകതകൾ

നരിപറ്റ പഞ്ചായത്ത് വക കമ്മൂണിറ്റി ഹാൾ നേരിൽ പരിശോധിച്ചപ്പോൾ കെട്ടിടം അറ്റകുറ്റപണികൾ നടത്തി പരിപാലിക്കാത്തതിനാൽ ജീർണ്ണിച്ച അവസ്ഥയിലാണെന്ന് ബോധ്യപ്പെട്ടു.ഹാളിലേക്ക് നേരിട്ട് വെള്ളം ലഭിക്കാനുള്ള സൗകര്യം കെട്ടിടം നിലവിൽ വന്ന് 13 വർഷമായിട്ടും ബന്ധപ്പെട്ട അധികൃതർക്ക് ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.ഹാളിന്റെ ഉൾവശത്തെ തറ പല സ്ഥലങ്ങളിൽ പൊളിഞ്ഞിട്ടുണ്ട്.ആവശ്യത്തിന് സ്ഥല സൗകര്യം ഹാളിന് ചുറ്റുമുണ്ട്.ഹാളിന് മുൻവശത്തുള്ള വിശാലമായ ഗ്രൗണ്ടിൽ പാർക്കിംഗിനുള്ള സൗകര്യമുണ്ട്.കെട്ടിടം കാലോചിതമായ പരിഷ്കരണം നടത്താനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മൂണിറ്റി ഹാളിന്റെ ബുക്കിംഗ് റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ 16-17 സാമ്പത്തിക വർഷത്തിൽ എത്ര ബുക്കിംഗ് നടന്നു,ബുക്ക് ചെയ്ത എത്ര പേർ ഹാൾ ഉപയോഗിച്ചു,വാടക എല്ലാവരും അടച്ചോ എന്നീ വിവരങ്ങൾ ലഭ്യമായില്ല.പരിശോധനയ്ക്ക് ഹാജരാക്കിയ വാടക റജിസ്റ്ററിൽ സാമ്പത്തിക വർഷാവസാനം ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.കമ്മ്യൂണിറ്റി ഹാളിന്റെ വാടക കാലാനുസൃതമായി പുതുക്കുകയോ സർവീസ് ചാർജ് ഈടാക്കുകയോ ചെയ്യുന്നില്ല.04.10.2004 ലെ പഞ്ചായത്ത് യോഗത്തിലെ 759/04 ആം നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ച വാടക നിരക്കാണ് ഇപ്പോഴും ഈടാക്കുന്നത്.വിവാഹ ആവശ്യത്തിന് വാടകയ്ക്ക് നൽകുമ്പോൾ വ്യത്യസ്ത നിരക്കുകളാണ് ഈടാക്കിയിരിക്കുന്നത്.വിശദീകരണം നൽകേണ്ടതാണ്.

## 2-7 രശീത് ബുക്കുകളുടെ അപാകതകൾ

1. രശീത് ബുക്കുകളുടെ പേജുകളുടെ എണ്ണം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 16942,16954,16956,16957,16964,16970,16971എന്നീ ബുക്കുകളുടെ പേജുകൾ സാക്ഷ്യപ്പെടുത്താതെയാണ് കളക്ഷന് നൽകിയിരിക്കുന്നത്.

2)ക്യാൻസൽ ചെയ്ത രശീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബുക്ക് നമ്പർ | രശീത് നമ്പർ |
|---|---|---|
| 1 | 16941 | 99 |
| 2 | 16942 | 45 |
| 3 | 16949 | 86 |
| 4 | 16956 | 14 |
| 5 | 16957 | 35,52 |

## 2-8 ലേല പരസ്യവും ലേല ഡയറിയും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിലെ മേലനുഭനങ്ങൾ എടുക്കുന്നതിനും

പഞ്ചായത്ത് വക മത്സ്യ മാർക്കറ്റ് സ്റ്റാളുകൾ 01.04.2016 മുതൽ 31.03.2017 വരെ നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തത് പരിശോധിച്ചു.27.04.2015 ലെ ലേല പരസ്യം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11.03.2016 ന് പഞ്ചായത്ത് വക മത്സ്യ മാർക്കറ്റിന്റെ നടത്തിപ്പിന് വേണ്ടി നടത്തിയ ലേലത്തിൽ ശ്രീ.നാണു.പി.പി,ശ്രീ.ദിനേശൻ.ടി.എം എന്നിവരാണ് പങ്കെടുത്തത്.3750 രൂപയ്ക്കാണ് ശ്രീ.നാണു.പി.പി ക്ക് മത്സ്യ മാർക്കറ്റിന്റെ നടത്തിപ്പാവകാശം നൽകിയത്.ലേലം വിളി നടത്തിയ ഉദ്യോഗസ്ഥൻ,ലേലം വിളി കേട്ട സാക്ഷി എന്നിവർ ലേല ഡയറിയിൽ പേരെഴുതി ഒപ്പുവെച്ചിട്ടില്ല.പഞ്ചായത്ത് കമ്മിറ്റി 21.03.2016 ലെ 45(2)/16 നമ്പർ തീരുമാനമനുസരിച്ച് ലേലം അംഗീകരിച്ചു എന്ന് ലേല ഡയറിയിൽ രേഖപ്പെടുത്തിയതിനു താഴെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കരാറുകാർക്ക് മുൻകൂറായി ബിറ്റുമിൻ വാങ്ങി നൽകി -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിറ്റുമിൻ സ്റ്റോക്ക്‌രജിസ്റ്റർ,ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം 386 ബാരൽ ബിറ്റുമിൻ ( വിജി 30 - 275; ആർ.എസ്1- 36;എസ്.എസ് 1 -75)താഴെ കാണിച്ച പ്രകാരം വാങ്ങിയിട്ടുണ്ട്.

| തുക | ഡി.ഡി.നമ്പരും തിയ്യതിയും |
|---|---|
| 450000 | 164216/10-03-17 |
| 273218 | 842100/10-03-17 |
| 450000 | 164818/10-03-17 |
| 661385 | 164217/10-03-17 |
| 900000 | 842099/10-03-17 |
| 95222 | 842098/10-03-17 |

വി.ജി 30 ബിറ്റുമിൻ HPC യിൽ നിന്നും ആർ.എസ്1,എസ്.എസ് 1 എന്നിവ HINCOL -ൽ നിന്നുമാണ് വാങ്ങിയത്. 95222 രൂപ ട്രാൻസ്പോർട്ടേഷൻ ചെലവ് ഉൾപ്പെടെ 2829825 രൂപ ബിറ്റുമിൻ വാങ്ങിയതിന് വിനിയോഗിച്ചിട്ടുണ്ട്. 577360 രൂപ തനതുഫണ്ടും 2122579 രൂപ റോഡ് മെയിന്റനൻസ് ഗ്രാന്റും 129886 രൂപ ഫിനാൻഷ്യൽ കമ്മീഷൻ ഗ്രാന്റും ഉപയോഗിച്ചാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. ചെലവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1)ബിറ്റുമിൻ മുൻകൂർ കൈപ്പറ്റിയ കരാറുകാർ പ്രവൃത്തി ആരംഭിച്ചില്ല.

പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് 26കരാറുകാർക്ക് മുൻകൂറായി ബിറ്റുമിൻ വിതരണം ചെയ്തതായാണ് കാണുന്നത്. അസി.എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം മേൽപ്പറഞ്ഞതിൽ 12 പ്രവൃത്തികൾ പൂർത്തിയാക്കിതായും 8പ്രവൃത്തികൾ ആരംഭിച്ചതായും കാണുന്നു. താഴെപ്പറയുന്ന 6 പ്രവൃത്തികൾ ഓഡിറ്റ് തിയ്യതിവരെ ആരംഭിച്ചിട്ടില്ല.

| ക്രമനം. | പ്രൊജക്ട് നം, പ്രവൃത്തിയുടെ പേര് | അടങ്കൽ | വിതരണം ചെയ്ത ടാർ ( വിജി 30 , ആർ.എസ്1 ,എസ്.എസ് 1 ) | വിതരണം ചെയ്ത ടാർ വാങ്ങിയതിന് ചെലവഴിച്ച തുക | കരാറുകാരന്റെ പേര് |
|---|---|---|---|---|---|
| 1 | 91/16-17, കൈവേലി ടാക്കീസ് റോഡ് | 498000 | 15(13+1+1) | 96862 | സുരേഷ്കുമാർ കെ. |
| 2 | 88/16-17, വിലങ്ങാട് കുളിക്കാവ് റോഡ് | 975000 | 16(11+1+4) | 122175 | രവീന്ദ്രൻ കെ.പി |
| 3 | 98/16-17, പുത്തലത്ത്മുക്ക് തൈക്കണ്ടിറോഡ് | 275000 | 11(7+1+3) | 86177 | സെക്രട്ടറി, ഇ.എൽ.സി.സി.എസ് |
| 4 | 100/16-17, കുഴിച്ചാൽമുക്ക് കണിയാങ്കണ്ടി റോഡ് | 490000 | 11(7+1+3) | 86178 | സോമൻ കെ.കെ. |
| 5 | 113/16-17, കക്കുഴിപീടിക കേളോത്ത് മുക്ക് റോഡ് ടാറിംഗ് | 150000 | 5(3+1+1) | 37805 | സെക്രട്ടറി, ഇ.എൽ.സി.സി.എസ് |
| 6 | 111/16-17, വെള്ളത്തപറമ്പത്ത്മുക്ക് PHCഅംഗനവാടി റോഡ് | 460000 | 11(7+1+3) | 86177 | എൻ. ചന്ദ്രൻ |

പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് ബിറ്റുമിൻ വാങ്ങി കരാറുകാർക്ക് വിതരണം ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.മേൽപ്പറഞ്ഞ 6 പ്രവൃത്തികൾക്ക് നൽകിയ ടാർ വാങ്ങിയതിന് ചെലവഴിച്ച 515374 രൂപ തടസ്സത്തിൽ വെക്കുന്നു.പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാനാ വശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

<u>(2)ബിറ്റുമിന് അധികം ഒടുക്കിയ തുക തിരികെ ലഭിച്ചില്ല</u>

ബിറ്റുമിൻ വാങ്ങിയതിന് കടത്തുകൂലി ഒഴികെ 2734603 രൂപ ചെലവഴിച്ചിട്ടുണ്ട്.

ബിൽ പരിശോധിച്ചതിൽ വാങ്ങിയ ബിറ്റുമിന്റെ വില 2692689 രൂപയാണ്. 41914 രൂപ അധികം ഒടുക്കിയിട്ടുണ്ട്.തുക തിരികെ ലഭിക്കുന്നതിന് 03/07/2017 ന് സെക്രട്ടറി കത്തെഴുതിയിട്ടുണ്ട്.എന്നാൽ ഓഡിറ്റ് തിയ്യതി വരെ തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. 41914 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## **3-2** <u>തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ തുക</u>

ഒടുക്കി -പ്രവൃത്തി ആരംഭിച്ചില്ല

പ്രൊജക്ട് നം. - 94/16-17

അടങ്കൽ - 212000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നരിപ്പറ്റ ഗ്രാമ പഞ്ചായത്തിൽ കക്കട്ടിൽ സെക്ഷന്റെ പരിധിയിൽ വരുന്ന തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചതിനെതുടർന്ന് 212000 രൂപ കെ.എസ്.ഇ.ബി- യിൽ ഒടുക്കിയതായി കാണുന്നു. (ബിൽ നം.78/31-03-17)കെ.എസ്.ഇ.ബി -യുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടതായി കാണുന്നില്ല.ഓഡിറ്റ് തിയ്യതി വരെ മേൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 05/08/17 ന് പ്രവൃത്തി പൂർത്തിയാക്കാനാവശ്യപ്പെട്ട് സെക്രട്ടറി കെ.എസ്.ഇ.ബി-ക്ക് കത്തെഴുതിയതായി കാണുന്നു. പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.അപാകതകൽക്ക് മറുപടി നൽകേണ്ടതാണ്.

## 3-3 ആയുർവ്വേദ ആശുപത്രിയുടെ അടിസ്ഥാന സൗകര്യം ശോചനീയം

പ്രൊജക്ട് നമ്പർ 6 /16-17 പ്രകാരം 3ലക്ഷം രൂപയുടെ ആയുർവേദ മരുന്നുകൾ റോഡിതര മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മെഡിക്കൽ ഓഫീസർ വാങ്ങിയിട്ടുണ്ട്.ആശുപത്രിയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ 27/09/2017 രാവിലെ 11 മണിക്ക് ഓഡിറ്റ് ടീം ആശുപത്രി സന്ദർശിക്കുകയുണ്ടായി.പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല.വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വൈദ്യുതി,ടെലഫോൺ സൗകര്യങ്ങളില്ല.കുടിവെള്ള ടാപ്പില്ല. മണ്ണിട്ടുറപ്പിച്ച നിലമാണുള്ളത്. കൺസൽട്ടേഷൻ മുറി,മരുന്ന് സൂക്ഷിക്കുന്ന മുറി എന്നിവയുടെ സൗകര്യം അപര്യാപ്തമാണ്.മരുന്ന് സൂക്ഷിക്കുന്ന മുറി ഇരുട്ട് നിറഞ്ഞതും ചോർന്നൊലിക്കുന്നതുമാണ്.മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 എസ്.സി. വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് മുൻകൂർ നൽകി - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ : 63/16-17

അടങ്കൽ : 400000

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

എസ്.സി. വിദ്യാർത്ഥി /വിദ്യാർത്ഥിനികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 4 ഗുണഭോക്താക്കൾക്ക് 50000 രൂപവീതം താഴെ കാണിച്ചവിധം 200000 രൂപ എസ്.സി.പി. ഗ്രാന്റിൽ നിന്ന് മുൻകൂർ നൽകിയിട്ടുണ്ട്.

| തുക | ബിൽ നമ്പർ/തിയ്യതി |
|---|---|
| 150000 | 3/16-17തീ.08-03-17 |
| 50000 | 6/16-17 തീ.16-03-17 |

മുൻകൂർ കൈപ്പറ്റിയ അനഘ ആർ.എം.(D/oശാന്ത), ജിതിൻ ടി.പി. (D/o ബാബു)എന്നീ ഗുണഭോക്താക്കളുടെ പ്രവൃത്തി ഓഡിറ്റ് തിയ്യതിവരെ പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 എസ്.എൽ.ഐ പ്രീമിയം ഈടാക്കിയതിൽ കുറവ്

ജി.ഒ.(പി) നം.149/16 ഫിൻ തീ.04/10/2016 പ്രകാരം 01/01/2017 മുതൽ പ്രാബല്യത്തിൽ സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് പ്രീമിയം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ശ്രീമ. മിനി എ.പി.യുടെ അടിസ്ഥാന ശമ്പളം 37500 രൂപയാണ്. എന്നാൽ 300 രൂപയാണ് സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് പ്രീമിയമിനത്തിൽ കുറവ് ചെയ്തത്. (ഉദാഹരണമായി 02/2017 ലെ ശമ്പളബിൽ : വൗച്ചർ നം.21600878/09-03-17 ₹ 229135) .അപാകത പരിഹരിക്കേണ്ടതാണ്.

## 3-6 ടൂർഡയറി സമർപ്പിക്കാതെ യാത്രാബത്ത നൽകുന്നു

ഓഡിറ്റ് വർഷം ജീവനക്കാർക്ക് യാത്രാബത്ത നൽകിയ ഫയൽ പരിശോധിച്ചതിൽ, ജീവനക്കാർ ടൂർഡയറി സമർപ്പിച്ചതായി കാണുന്നില്ല.ഒരു ഉദാഹരണം താഴെ കാണിച്ചിരിക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|
| 21601024/31-03-17 | ₹49660 | 02/16മുതൽ 07/16വരെയുള്ള ജീവനക്കാരുടെ യാത്രാബത്ത |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (ബി)(6)പ്രകാരം ഒരു ഉദ്യോഗസ്ഥന് യാത്ര നടത്തിയതിന് തൊട്ടടുത്ത മാസം മുതൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും. ആർട്ടിക്കിൾ 53(ഇ) പ്രകാരം യാത്രാബത്തയ്ക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം യാത്രാബത്ത ക്ലെയിം സമർപ്പിക്കേണ്ടതാണ്.യാത്രാ ഡയറി സമർപ്പിക്കാതെ യാത്രാബത്ത നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-7 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -പദ്ധതി രൂപീകരണത്തിലെ അപാകത മൂലം അർഹമായ ധനസഹായം നൽകാൻ കഴിയാതെ പോയി.

പ്രോജക്ട് നം-41/17

അടങ്കൽ -400000 (200000വികസനഫണ്ട്,100000 ബ്ളോക്ക് വിഹിതം,100000 ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ് -2000000 (ബിൽ നം-26/31-3-2017,വികസനഫണ്ട്).

പ്രൊജക്ട് നടത്തിപ്പിന്റെ ഭാഗമായി 44 ഭിന്നശേഷിക്കാരിൽ 30പേർക്ക് 4550 രൂപവീതവും 12 പേർക്ക് 4500 രൂപയും ഒരാൾക്ക് 4850 രൂപയും ഒരാൾക്ക് 4650 രൂപയും വീതം ആകെ 200000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥ സ്കോളർഷിപ്പ് ഇനത്തിൽ നൽകിയിട്ടുണ്ട്.പ്രൊജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.400000 രൂപ അടങ്കലിലുള്ള പ്രൊജക്ട് 200000/-രൂപ വികസനഫണ്ടും 100000/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും 100000/- രൂപ ജില്ലാപഞ്ചായത്ത് വിഹിതവും വകയിരുത്തിയാണ് തയ്യാറാക്കിയത് .എന്നാൽ

തൻവർഷം ബ്ലോക്ക് , ജില്ലാപഞ്ചായത്തുകൾ പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്താത്തതിനാൽ ഇവയിൽ നിന്നുള്ള വിഹിതമായി വകയിരുത്തിയ തുകകൾ ലഭിച്ചില്ല.സംയുക്തപദ്ധതിയായി പ്രൊജക്ട് തയ്യാറാക്കിയപ്പോൾ മറ്റ് സ്ഥാപനങ്ങൾ തൻവർഷം പ്രൊജക്ട് വച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കാതെയാണ് പഞ്ചായത്ത് പദ്ധതിക്കായി തുക വകയിരുത്തിയത്.

2. ഗുണഭോക്താക്കളായ 44 ഭിന്നശേഷിക്കാരിൽ 28 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിയുള്ളവരിൽ മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് പ്രതിമാസം 1000/-രൂപ വീതം സ്കോളർഷിപ്പായി 12 മാസവും നൽകാവുന്നതാണ്. എന്നാൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും , മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ഒരേ നിരക്കിലാണ് സഹായം നൽകിയത്. മാനസിക -ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ ബത്ത നൽകുന്നതിനുള്ള ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടത്.പ്രോജക്ട് രൂപീകരണത്തിലെ അപാകതകൾ മൂലം മറ്റ് സ്ഥാപനങ്ങളിൽ നിന്നും തുക ലഭിക്കാതിരിക്കുകയും ഇതുകാരണം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലഭിക്കേണ്ട അർഹമായ ധനസഹായം ഓഡിറ്റ് വർഷം നൽകാൻ കഴിയാഞ്ഞതായി ഓഡിറ്റ് വിലയിരുത്തുന്നു.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## **3-8** <u>വാഴകൃഷി വികസനം -ഭരണ സമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് സഹായം നൽകി.</u>

പ്രോജക്ട് നം-134/16-17

അടങ്കൽ -875000

(750000 (വികസനഫണ്ട്),125000 (ഗുണഭോക്തൃവിഹിതം))

ചെലവ് -750000/-

നിർവ്വഹണം -കൃഷി ഓഫീസർ.

പഞ്ചായത്തിലെ 10 ഹെക്ടർ സ്ഥലത്ത് വാഴകൃഷി വ്യാപനം നടത്തി 20 ടൺ വാഴക്കുല അധികമായി ഉല്പാദിപ്പിക്കുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. ഇതിനായി കർഷകർക്ക് 100 % സബ്സിഡി നിരക്കിൽ വാഴകന്നുകളും 75% സബ്സിഡി നിരക്കിൽ ജൈവവളവും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിനായി വകയിരുത്തിയ വികസനഫണ്ടിൽ നിന്നും ബിൽ നം-3/29-3-17 പ്രകാരം 375000/- രൂപ 15 രൂപ നിരക്കിൽ 25000 നേന്ത്രവാഴകന്നുകളുടെ വിലയായി അഗ്രോ സർവ്വീസ് സെന്റർ ചാത്തങ്കോട്ട് നടക്ക് നൽകുകയും ( ഇൻവോയ്സ് നം -9/23-3-17 ) . ബിൽ നം-5/31-3-17പ്രകാരം 375000/- രൂപ വാഴകൃഷിക്ക് ജൈവവളം ലഭ്യമാക്കുന്നതിനായി 25 രൂപ നിരക്കിൽ വാങ്ങിയ 20000 കിലോ ജൈവവളത്തിന്റെ വിലയായ 500000/- രൂപയിൽ സബ്സിഡിയായി (ബിൽ നം-495/29-3-17 ) ആയി ഗ്രാമജ്യോതി വനിത ജൈവവളയൂണിറ്റ് , പശുക്കടവിന് നൽകിയിട്ടുമുണ്ട്. വാഴകന്ന് ജൈവവളം എന്നിവയുടെ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ ആകെ 2500 ഗുണഭോക്താക്കൾക്ക് 10 വാഴകന്നുകൾ വീതവും എട്ട് കിലോ ജൈവവളം വീതവും നിർവ്വഹണ ഉദ്യോഗസ്ഥ വിതരണം നടത്തിയിട്ടുണ്ട്.എന്നാൽ ഭരണ സമിതി 14-11-2016 ലെ 137(2)/16 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചുനൽകിയ പദ്ധതിക്കായുള്ള ഗുണഭോക്ത ലിസ്റ്റിൽ 17 വാർഡുകളിൽ നിന്നായി 2448 പേരെ ഉള്ളൂ.ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത 52 പേർക്ക് വാഴകൃഷിക്കായി നൂറ് ശതമാനം സബ്സിഡി നിരക്കിൽ വാഴകന്നും എഴുപത്തിഅഞ്ച് ശതമാനം നിരക്കിൽ ജൈവവളം നൽകിയിട്ടുണ്ട് ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് തന്ന 52 പേരുടെ അധികലിസ്റ്റ് പ്രകാരമാണ് പദ്ധതി നടപ്പാക്കിയത് എന്നാണ്. എന്നാൽ ഭരണ സമിതി അംഗീകരിച്ച പ്രസ്തുത ഗുണഭോക്തൃലിസ്റ്റ് ,ഭരണ സമിതി തീരുമാനം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് 52 ഗുണഭോക്താക്കൾക്ക് വാഴകന്ന്,ജൈവവളം എന്നീ ഇനത്തിൽ ചെലവഴിച്ച 15600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 പാലിയേറ്റീവ് പരിചരണം-വാട്ടർ ബെഡ് ലഭിച്ചില്ല

പ്രോജക്റ്റ് നം-33/16

അടങ്കൽ -450000

നിർവ്വഹണം -മെഡിക്കൽ ഓഫീസർ പി.എച്ച്.സി

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കാവശ്യമായ താഴെ പറയുന്ന ഉപകരണങ്ങളുടെ യും സാധനങ്ങളുടെയും വിലയായി 34537/-രൂപ പെർഫോർമ നം-1836/24-1-2017 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ കെ.എം.സി.എല്ലിന് നൽകിയിട്ടുണ്ട് . (ട്രഷറി ബിൽ നം-6/31-1-2017-തുക-115787 ഭാഗികം).

| ഉപകരണം/സാധനം | എണ്ണം | വില |
|---|---|---|
| വാട്ടർ ബെഡ് | 5 | 4500 |
| ക്രച്ചസ് | 5 | 1640 |
| വാക്കർ | 5 | 4550 |
| കമ്മോഡ് ചെയർ | 5 | 6370 |
| വീൽ ചെയർ | 5 | 16800 |
| ഹാൻഡിലിംഗ് ചാർജ് | | 677 |
| ആകെ | | 34537 |

എന്നാൽ മേൽ സാധനങ്ങളിൽ അഞ്ച് വാട്ടർ ബെഡുകൾ നാളിതുവരെയായും കെ.എം.സി.എല്ലിൽ നിന്ന് ലഭിച്ചിട്ടില്ല. വാട്ടർ ബെഡ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .ചെലവ് തുക 4500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ– നാളിതുവരെയായും മരുന്ന് ലഭിച്ചില്ല.

പ്രോജക്റ്റ് -48

അടങ്കൽ -50000 (മെയിന്റനെൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് -50000( ബിൽ നം-3/27-3-2017)

ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുകൾക്കായി കേരളാ സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ പെർഫോർമാ ഇൻവോയ്സ് നം-1140/27-1-2017 പ്രകാരം 50000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ ആയുർവ്വേദ മെഡിക്കൽ ഓഫീസർ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയായും മരുന്നുകൾ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല.ആയത് ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ചെലവ് തുക 50000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ–സ്കൂൾ വിദ്യാർത്ഥി കളല്ലാത്തവർക്കും ഫർണിച്ചർ നൽകി.

പ്രോജക്ട്-62

അടങ്കൽ-63366

ചെലവ് -63366 /-(ബിൽ നം-13/21-3-2017)

നിർവ്വഹണം -ഹെഡ്മാസ്റ്റർ.

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 16 പേർക്ക് പഠന ഉപകരണമായി മേശയും കസേരയും വാങ്ങിനൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ആർട്ട്കോ കോഴിക്കോടിൽ നിന്നും ഇൻവോയ്സ് നം-148/11-3-2017 ഇൻവോയസ് പ്രകാരം 63366 /- രൂപ ചെലവഴിച്ച് 16 സ്റ്റീൽ മേശകളും , ഫൈബർ ആംലസ്സ് ചെയറുകളും വാങ്ങി ഉദ്യോഗസ്ഥൻ 16 ഗുണഭോക്താക്കൾ ക്കായി വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-പദ്ധതി മാർഗ്ഗരേഖപ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകേണ്ടത് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിനൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം.എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഫർണിച്ചർ നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | പഠിക്കുന്ന സ്ഥാപനം |
|---|---|
| ചൈതന്യ ഷീല | മടപ്പള്ളികോളേജ് |
| സായൂജ് നെല്ലിയുള്ള വെള്ളച്ചാലിൽ | ഐ.എച്ച് .ആർ.ഡി പയന്തോങ്ങ് |
| ജിതിൻ നരിപ്പറ്റ | ഐ.ടി.ഐ വളയം |

2-പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3-ഫർണ്ണിച്ചറുകൾ സ്റ്റീൽ/മരം കൊണ്ടുള്ളവയായിരിക്കണം എന്നാൽ പ്രോജക്ടിന്റെ ഭാഗമായി ഫൈബർ ആംലെസ്സ് ചെയറുകളാണ് വിതരണം ചെയ്തത്. കൂടാതെ ടെൻണ്ടർ നടപടികൾ കൂടാതെ സർക്കാർ/ അർദ്ധസർക്കാർ /ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ എന്നിവയിൽ നിന്ന് വാങ്ങലുകൾ നടത്തുമ്പോൾ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായി പരിമിതപ്പെ ടുത്തിയിട്ടുണ്ട്. എന്നാൽ ആട്കോ ഫൈബർ കസേരകൾ നിർമ്മിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ഭിന്നശേഷിയുള്ളവരുടെ സമഗ്ര വികസനം- ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ അടിസ്ഥാന സൗകര്യം ഇല്ല

പ്രോജക്ട് നം-42/16

അടങ്കൽ -200000

ചെലവ് -199926

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ.

പഞ്ചായത്തിലെ സാംസ്കാരിക നിലയത്തിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പിനായാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. സെന്ററിലെ പഠിതാക്കളുടെ ഭക്ഷണം,ടീച്ചർ ആയ എന്നിവർക്കുള്ള ഹോണറേറിയം എന്നിവയ്ക്കായാണ് തൻവർഷം തുക ചെലവഴിച്ചിരിക്കുന്നത്.ഓഡിറ്റിന്റെ ഭാഗമായി 27-9-2017 ൽ സെന്റർ സന്ദർശിച്ചതിൽ നിലവിൽ 25 പഠിതാക്കളാണ് ഉള്ളത്.പരിശോധനാസമയത്ത് 11 പേർ ഹാജരുണ്ടായിരുന്നു. ഭൂരിഭാഗം പേരും മുതിർന്നവരും മാനസിക വെല്ലുവിളികൾ നേരിടുന്നവരുമാണ്. സെന്ററിൽ പഠനഉപകരണങ്ങളായ ഫർണിച്ചർ ,ടെലിവിഷൻ, കേബിൾ സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. ടീച്ചർ,ആയ എന്നിവരുടെ സേവനം ലഭ്യമാണ് .എന്നാൽ സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ വെള്ളം ലഭ്യമല്ല.

പാചകാവശ്യം, പ്രാഥമികാവശ്യങ്ങൾ നിർവ്വഹി ക്കുന്നതിനാവശ്യമായ വെള്ളം അടുത്ത വീടുകളിൽ നിന്ന് കാൽനടയായി എത്തിച്ചാണ് സെന്റർ പ്രവർത്തിച്ചുവരുന്നത്. 1995-96 വർഷം മുതൽ പ്രവർത്തനം നടത്തിവരുന്ന സ്ഥാപനത്തിന് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ നാളിതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. സെന്ററിന് വെള്ളം ലഭ്യമാക്കുന്നതിന് ഫലപ്രദമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടത്തിനാവശ്യമായ അറ്റകുറ്റപണികൾ, സെന്ററിലെത്തുന്നവർക്ക് വാഹനസൗകര്യം ലഭ്യമാക്കൽ എന്നിവയും പരിഗണിക്കേണ്ടതാണ്. സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന വരായ മാനസികവും ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുമായവരുടെ ക്ഷേമത്തിനാവശ്യമായ അടിസ്ഥാനാവശ്യങ്ങൾക്ക് പ്രഥമ പരിഗണ നൽകി ആയത് ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരി ക്കുന്നതിനുള്ള ശ്രമങ്ങൾ സമൂഹത്തിന്റെ എല്ലാതലങ്ങളിൽ നിന്നും വിശിഷ്യാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടാവേണ്ടതുണ്ട്. ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-13** അംഗൻവാടി പോഷകാഹാരം- വികസനഫണ്ടിൽ നിന്നും വകയിരുത്തിയ തിനെക്കാൾ അധികം തുക ചെലവഴിച്ചു

പ്രോജക്ട്-7/16

അടങ്കൽ -3235200 (2035200- വികസനഫണ്ട്,1200000-കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് -2559437(2099980(വികസനഫണ്ട്),459457 (കേന്ദ്രാവിഷ്കൃത ഫണ്ട്)).

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ.

അനുപൂരക പോഷകാഹാരം പദ്ധതി നടത്തപ്പിനായി ആകെ 3235200 രൂപ അടങ്കലിലാണ് പ്രോജക്ട് തയ്യാറാക്കിയത് . പദ്ധതിക്കായി 2035200 രൂപയാണ് വികസനഫണ്ടിൽ നിന്നും വകയിരുത്തിയത്.എന്നാൽ പദ്ധതി ചെലവ് പരിശോധിച്ചതിൽ ആകെ 209980 രൂപ വികസനഫണ്ടിൽ നിന്നും ,459457 രൂപ കേന്ദ്രാവിഷ്കൃതഫണ്ട് ഇനത്തിൽ നിന്നും ചെലവഴിച്ചതായി കാണുന്ന വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് | ട്രഷറിബിൽ നം / തീയ്യതി | തുക |
|---|---|---|
| വികസനഫണ്ട് | 2/26-10-2016 | 375869 |
| | 6/2-11-2016 | 78745 |
| | 7/3-1-2017 | 315067 |

| | | |
|---|---|---|
| | 16/31-3-2017 | 446604 |
| | 18/31-3-2017 | 45720 |
| | 20/31-3-2017 | 482967 |
| | 23/31-3-2017 | 355008 |
| | ആകെ | 2099980 |
| കേന്ദ്രാവിഷ്കൃതഫണ്ട് | ട്രഷറി ചെക്ക്-18836/25-7-16 | 459457 |
| ആകെ | | 2559437 |

വികസനഫണ്ടിൽ നിന്നും പ്രോജക്ടിനായി വകയിരുത്തിയ തുകയെക്കാൾ 64780 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ അധികമായി ചെലവഴിച്ചിട്ടുണ്ട് .ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-14 പദ്ധതി നടപ്പിലെ അപാകത കാരണം- ഫണ്ട് വിനിയോഗത്തിൽ കുറവ് .

2016-17 വർഷം സംസ്ഥാന സർക്കാരിൽ നിന്നും വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന് അനുവദിച്ച തുകയും അതിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകളും താഴെ ചേർക്കുന്നു.

(എ.സി.ആർ പ്രകാരം).

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട് മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13876934 | 13876934 | 13876934 | 12721501 | 91.67 | 1155433 |
| വികസനഫണ്ട് എസ്.സി.പി. | 843366 | 843366 | 843366 | 520366 | 61.70 | 323000 |
| വികസനഫണ്ട് ടി.എസ്.പി. | 494169 | 494169 | 494169 | 494169 | 100 | 0 |
| സംരക്ഷണഗ്രാന്റ് . | 15297690 | 15297690 | 15297690 | 11316658 | 73.97 | 3981032 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7782896 | 7782896 | 7782896 | 4047602 | 52 | 3735294 |
| പെർഫോമൻസ് ഗ്രാന്റ് | | 5611611 | 5611611 | 3512542 | 62.59 | 2099069 |

| | | |
|---|---|---|
| ആകെ | | 11293828 |

വിവിധ ഫണ്ടുകൾ വഴി അനുവദിച്ച തുകയിൽ ആകെ 11293828 രൂപ തൻ വർഷം വിനിയോഗിക്കാൻ കഴിയാഞ്ഞതിനാൽ കൺസോളിഡേറ്റ് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ തുക തൻവർഷം ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടുകയാണുണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിചെലവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 4 | 2110500 | 1985500 | 94.07 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 3670000 | 3670000 | 100 |
| 3 | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | 6 | 6 | 700000 | 600637 | 85.80 |
| 4 | മെഡിക്കൽ ഓഫീസർ<br>ഹോമിയോ | 2 | 2 | 61125 | 61125 | 100 |
| 5 | മെഡിക്കൽ ഓഫീസർ<br>ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| 6 | ഐ.സി.ഡി.എസ് | 5 | 5 | 5338000 | 4428873 | 82.96 |
| 7 | വി.ഇ.ഒ | 8 | 7 | 5520750 | 5065650 | 91.75 |
| 8 | സെക്രട്ടറി | 11 | 8 | 3094662 | 2365052 | 76.34 |
| 9 | അസി.സെക്രട്ടറി | 5 | 5 | 440000 | 320000 | 72.72 |
| 10 | അസി.എൻഞ്ചിനീയർ | 78 | 44 | 41192496 | 16990176 | 41.24 |
| 11 | ഹെഡ്മാസ്റ്റർ | 9 | 9 | 1472000 | 1165193 | 79.15 |
| 12 | ഡയറി ഓഫീസർ | 1 | 1 | 300000 | 300000 | 100 |

അംഗീകാരം ലഭിച്ചപദ്ധതികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തിയതിൽ അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 41.24% മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. . അംഗീകാരം കിട്ടിയ 78 പ്രോജക്ടുകളിൽ 44 എണ്ണത്തിൽ മാത്രമേ തൻ വർഷം ചെലവുള്ളൂ ..പദ്ധതിനിർവ്വഹണത്തിൽ അസിസ്റ്റന്റ് എൻഞ്ചിനീയർ പിന്നോക്കം പോയതാണ് പ്രധാനമായും അനുവദിച്ചഫണ്ട് നഷ്ടപ്പെടുന്നതിനിടയാക്കിയത്. 2015-16 വർഷവും പദ്ധതിക്കായി വകയിരുത്തിയ തുക ചെലവഴിക്കാത്തതുമൂലം പഞ്ചായത്തിന് ഫണ്ട് നഷ്ടപ്പെടുന്നതി നിടയായിട്ടുണ്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2015-16 വർഷം വിവിധ ഫണ്ടുകളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട് മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 20870278 | 3533814 | 20870278 | 24404092 | 1552954 | 63.62 | 8876136 |
| വികസനഫണ്ട് എസ്.സി.പി. | 1409027 | 656027 | 753000 | 1409027 | 965871 | 68.54 | 443156 |
| വികസനഫണ്ട് ടി.എസ്.പി. | 441000 | 518089 | 441000 | 441000 | 358747 | 81.34 | 82253 |
| സംരക്ഷണഗ്രാന്റ് | 13892000 | 563774 | 13892000 | 19495774 | 10300397 | 52.83 | 9195377 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4919822 | 3081537 | 4919822 | 8001359 | 7935648 | 99.17 | 65711 |
| പെർഫോമൻസ് ഗ്രാന്റ് | | 3519680 | ----- | 3519680 | 912394 | 25.92 | 2607286 |
| ആകെ | | | | | | | 21210719 |

2015-16 വർഷം വിവിധ ഫണ്ട് ഇനങ്ങളിലായി ലഭിച്ച തുകയിൽ 21210719 രൂപയാണ് യഥാസമയം ചെലവഴിക്കാൻ കഴിയാഞ്ഞതിനാൽ കൺസോളിഡേറ്റ് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ 2015-16 വർഷത്തെ ഫണ്ട് വിനിയോഗം താഴെചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 1456313 | 1246273 | 85.57 |
| 2 | വെറ്റിനറി സർജൻ | 6 | 5 | 3575000 | 1517500 | 42.44 |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 4 | 4 | 505780 | 400005 | 79.08 |
| 4 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 25000 | 250000 | 100 |
| 5 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 50000 | 47376 | 94.75 |
| 6 | ഐ.സി.ഡി.എസ് | 6 | 6 | 3193750 | 2881612 | 90.22 |
| 7 | വി.ഇ.ഒ | 8 | 8 | 26166717 | 3790600 | 14.48 |
| 8 | സെക്രട്ടറി | 21 | 16 | 6682707 | 6041686 | 90.40 |
| 9 | അസി.എഞ്ചിനീയർ | 74 | 54 | 36307928 | 19685671 | 54.21 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഹെഡ്മാസ്റ്റർ | 5 | 4 | 509080 | 399681 | 78.51 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 11 | 1545515 | 798713 | 51.67 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയ്യതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുന്നമ്മൽ ബ്ളോക്ക് | 16-03-2017 | 100000 | ക്ഷീര സംഘത്തിൽ പാൽ അളക്കുന്നവർക്ക് ഇൻസെന്റീവ് | 100000 | ഇല്ല. |
| | 27-03-2017 | 100000 | പാലിയോറ്റീവ് പരിചരണം | 100000 | ഇല്ല. |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 216010089 തീയ്യതി- 31/03/2017 | 212000 | 212000 | ഇല്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ 533/2010 തീയ്യതി 18-02-2010 | | 1690400 | 1690400 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 1 | 2500 | സുരേഷ് ബാബു പി ഡബ്ല്യൂ ഡി കോൺട്രാക്ടർ | നം-11601103034 തീയ്യതി 16-0102017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | | 2003-2004 | 7 | പൂർത്തീകരിക്കാത്ത ജലസേചന പദ്ധതികൾ |
| 1999-00 | | 2003-2004 | 7 | ബജറ്റ് |
| 1998-99 | 1 | 2004-05 | | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതി |
| 1998-99 | | 2004-05 | | പെൻഷൻവിതരണത്തിലെ അപാകതകൾ |
| 2000-01 | 3-3 | 2005-06 | 2-9 | ആഭ്യന്തരനിയന്ത്രണം പാളുന്നു |
| 2000-01 | 2-1,2-3 | | 2-11 | ആഭ്യന്തരനിയന്ത്രണം പാളുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70695498.70 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52695498 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 690754 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | 515374 | ബൈജു ജോസ്, സെക്രട്ടറി |
| 3-1(2) | 41914 | |
| 3-8 | 15600 | ചാരുഷ ചന്ദ്രൻ, കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-9 | 4500 | ഗ്രീഷ്മപ്രിയ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-10 | 50000 | ലവീണ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-11 | 63366 | കുഞ്ഞിരാമൻ.എൻ.കെ., ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എസ്1.261/01തീ: 18.6.01 | 1 |
| 1996-97ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.എസ്2/687/ 01തീ: 13.11.01 | 2 |
| 1996-97 ചെലവ് | എൽ.എഫ്.കെ.കെ.ഡി.എസ്1.821/98തീ: 8.12.1999 | 2 |
| 1997-98ചെലവ് | എൽ.എഫ്.കെ.കെ.ഡി.എസ്2./1231/ 01തീ: 7.6.2002 | 12 |
| 1997-98ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.എസ്2/601/ 02തീ:29.08.02 | 3 |
| 1998-99ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.എസ്2/670/ 03തീ:16.02.04 | 5 |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി.എസ്2/1345/ 02തീ: 13.01.03 | 10 |
| 1999-00ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി പി4/438/ 04തീ:10.06.04 | 4 |
| 1999-00 ചെലവ് | എൽ.എഫ്.കെ.കെ.ഡി/എസ്2/678/0തീ: 17.12.03 | 7 |
| 2000-01 പദ്ധതി | എൽ.എഫ്.കെ.കെ.ഡി/എസ്2/1334/03 തീ: 6.01.04 | |

| | | |
|---|---|---|
| 2000-01ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി/എസ്2/800/05/ തീ:01.12.05 | 13 |
| 2001-02ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി/എസ്1/1132/07/തീ: 21.8.08 | 4 |
| 2001-02 ചെലവ് | എൽ.എഫ്.കെ.കെ.ഡി/എസ്1/ 1132/07/ തീ:21.8.08 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/എസ്1/1133/07തീ: 05.02.08 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/എസ്1/618/08/ തീ:2.9.08 | 11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/619/ 09/തീ:2.9.09 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.എസ്2/1095/ 08/തീ:12.11.08 | 21 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.എസ്1/1171/ 09/തീ:10.12.09 | 13 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.എസ്4/583/ 10/തീ:29.10.10 | 21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.എസ്1/1745/ 11/തീ:17.3.12 | 15 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.എസ്1/1746/ 11/തീ:17.3.12 | 12 |
| 2010-11 &11-12 | എൽ.എഫ്.കെ.കെ.ഡി/പി6/730/13/തീ: 2.8.13 | 20 |
| 2012-13,2013-14 | കെ.എസ്.എ.കെ.കെ.ഡി/പി6/871/15തീ: 20.08.2015 | 31 |
| 2014-15 | കെഎസ്എ കെ കെഡി / പി9 / 1125 / 2016 | 23 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി9/104/2017<br>തീയ്യതി 1-04-2017 | 8 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.9/1821/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-23.10.2017

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.9/1821/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 23.10.2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Narippatta Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Narippatta Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.